**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3137** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ് പാലം, ഇഞ്ചത്തൊട്ടി പാലം, ചെറുവട്ടൂർ അടിവാട്ട് പാലം, പിണ്ടിമന പഞ്ചായത്തിലെ പുലിമല പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്രിഡ്ജസ് വിഭാഗം ഇതുവരെ സ്വീകരിച്ച നടപടികൾ പാലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ബ്ലാവന പാലം - ബ്ലാവന - കല്ലേലിമേട് എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ബ്ലാവന പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 12-08-2021 തീയതിയിൽ 6,20,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പാലം റിസർവ് വനത്തിന്റെ ഭാഗമായതിനാൽ ഇവിടെ സർവ്വേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അപേക്ഷ 31.08.2021 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ വനം വകുപ്പിന് നൽകിയിരുന്നു. 05.11.2022 തീയതിയിൽ കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി. ബ്ലാവന പാലം നിർമ്മിക്കുന്നതിന് മുന്നോടിയായി വന പ്രദേശത്ത് soil investigation പ്രവർത്തി നടത്തുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവിയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റെ വെബ് സൈറ്റിൽ സമർപ്പിച്ചിരുന്നു. Compensatory Levies Payment ആയി 8,93,520/- രൂപ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക പരിവേഷ് പോർട്ടലിൽ നൽകിയിട്ടുള്ള അക്കൗണ്ട് - ലേക്ക് അടച്ചതിനു ശേഷം മാത്രമേ മേൽ പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിക്കു എന്നാണ് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ കഴിഞ്ഞത്. Compensatory Levies Payment തുക കൂടി ഉൾക്കൊള്ളിച്ച് 15,40,000/- രൂപയുടെ AS നൽകുകയും, 8,93,520/- തുകയ്ക്കായി പാർട്ട് TS നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2) എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിനെയും, കുട്ടമ്പുഴ പഞ്ചായത്തിനെയും |

തമ്മിൽ ബന്ധിപ്പിക്കുന്ന, ഇഞ്ചത്തൊട്ടിയിൽ പെരിയാറിന് കുറുകെ പാലം നിർമ്മാണത്തിനായി Soil ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് സമർപ്പിക്കുകയും ചെയ്തു. തൂക്കുപാലത്തിനു സമീപം 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ ഭാഗമായി, കീരംപാറ ഗ്രാമപഞ്ചായത്തും ശുചിത്വമിഷനും സംയുക്തമായി നടപ്പിലാക്കുന്ന കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിരിക്കുന്നത് ശ്രദ്ധിക്കുകയുണ്ടായി. കെട്ടിടത്തിന്റെ പകുതിയോളം പാലത്തിന്റെ അപ്രോച്ച് റോഡിൽ കയറി വരുന്ന രീതിയിലാണ് കംഫർട്ട് സ്റ്റേഷന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നതായി കാണാൻ സാധിച്ചത്. എന്നാൽ ഇതിനു പകരം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ abutment wall -ൽ നിന്നും 6 മീറ്റർ മാറി, പഞ്ചായത്ത് റോഡിന് അടുത്തേക്ക് നീക്കി പ്രസ്തുത റോഡിന് സമാന്തരമായി സമർപ്പിച്ച drawing പ്രകാരം കംഫെർട്ട് സ്റ്റേഷൻ മാറ്റി നിർമ്മിക്കുന്നതാണ് ഉചിതം എന്ന് പഞ്ചായത്ത് അധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനത്തിനായി കീരംപാറ പഞ്ചായത്ത് അധികൃതർ, റവന്യൂ അധികൃതർ എന്നിവരുടെ സാന്നിദ്ധ്യ ത്തിൽ 22.06.2024-ൽ എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ മീറ്റിംഗ് കൂടിയതിന്റെ അടിസ്ഥാനത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി വഴി 2 ലക്ഷം രൂപ വകയിരുത്തി നിർമിക്കുന്ന ശുചിമുറിയുടെ നിർമ്മാണം ആരംഭിച്ച സാഹചര്യത്തിൽ ടി പദ്ധതിക്ക് മുൻഗണന നൽകേണ്ടതുണ്ട് എന്നും അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോതമംഗലം തഹസിൽദാർക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു. അതിനെ തുടർന്ന് പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശിച്ചിരിക്കയാണ്.

3) അടിവാട്ട് പാലം കോതമംഗലം മണ്ഡലത്തിലെ പായിപ്ര ചെറുവട്ടൂർ റോഡിലാണ് അടിവാട്ട് പാലം സ്ഥിതി ചെയ്യുന്നത്. സംസ്ഥാന പാതയായ എം.സി. റോഡിന് സമാന്തരമായി പായിപ്ര - ചെറുവട്ടൂർ റോഡ് ഒരു പ്രധാന ജില്ലാ റോഡാണ്. പഴയ പാലത്തിന്റെ നീളം 8 മീറ്ററും റോഡിന്റെ വീതി 4.5 മീറ്ററുമാണ്. പാലം ഇടുങ്ങിയതായി കണ്ടെത്തുകയും പാലത്തിന്റെ അബട്ട്മെന്റിൽ വിള്ളലുകളും പാലത്തിന്റെ സ്ലാബിന് താഴെയുള്ള ആർ.സി.സി. യിൽ കമ്പികൾ പുറത്തു കാണുകയും ചെയ്യുന്നുണ്ട്. പുതിയ പാലത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ ശേഷം, എറണാകുളത്തെ റീജിയണൽ ഡിസൈൻ ഓഫീസിൽ നിന്ന് ലഭിച്ച

| | | | |
|---|---|---|---|
| | | | ഡിസൈൻ ഡ്രോയിംഗ് പ്രകാരമാണ് പുതിയ പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2023-24 ലെ ബജറ്റ് എസ്റ്റിമേറ്റ് അനെക്സ്ചർ II. വാല്യം II - 400 ലക്ഷം രൂപയ്ക്ക് (ക്രമ നമ്പർ 2028, പേജ് നമ്പർ - 133) 100 രൂപയാണ് വകയിരുത്തിയത്.<br><br>4) പുലിമല പാലം സ്ഥിതി ചെയ്യുന്നത് കോതമംഗലം നിയോജകമണ്ഡലത്തിൽ തൃക്കാരിയൂർ അയിരൂർപാടം വടക്കുംഭാഗം റോഡിൽ പുലിമല കവലയിൽ ഇറിഗേഷൻ കനാലിനു കുറുകെയാണ്. ടി പുലിമല പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ടെൻറ്റേറ്റീവ് General design drawing ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടെൻറ്റേറ്റീവ് General design drawing പ്രകാരം ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. വാഹനങ്ങൾക്ക് സുഗമമായി കടന്നു പോകുന്നതിന് പഴയ പാലം നിലനിർത്തിക്കൊണ്ട് തന്നെ നാഗഞ്ചേരി - വടക്കുംഭാഗം റോഡിലേക്ക് സമാന്തരമായി ഒരു പുതിയ പാലം നിർമിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ വേണ്ടി പഴയ പാലത്തിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനായി Bridge Inspection Team, ഡിസൈൻ വിംഗ് മുതലായവരെ കൊണ്ട് പരിശോധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ